(ബി) പുതുതായി ആശുപത്രികൾ ആരംഭിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്;

(സി) സർക്കാർ ആശുപത്രികൾ ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ചത് സംബന്ധിച്ച ഉത്തരവുകൾ നിലവിലുണ്ടോ ;

(ഡി) പുതുതായി ആരംഭിക്കുന്ന ആശുപത്രിയുടെ നിശ്ചിത ദൂരപരിധിയിൽ മറ്റ് ആശുപത്രികൾ ഒന്നും ഉണ്ടാവാൻ പാടില്ല എന്ന ഉത്തരവുകൾ നിലവിലുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. 2014-15 സാമ്പത്തിക വർഷം സംസ്ഥാനത്ത് 25 പുതിയ ആയുർവ്വേദ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിന് 70 ലക്ഷം രൂപയും സിദ്ധ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിന് 44 ലക്ഷം രൂപയും പ്ലാൻ ഫണ്ടിൽ വകയിരുത്തിയിട്ടുണ്ട്.

(ബി) സ്ഥാപനം ആരംഭിക്കുന്നതിനാവശ്യമായ കെട്ടിടം, വെള്ളം, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി തരുന്നതായിട്ടുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ തീരുമാനവും പ്രസ്തുത സ്ഥാപനം ആരംഭിക്കേണ്ടത് സംബന്ധിച്ച് ജില്ലാ മെഡിക്കലാഫീസറുടെ അഭിപ്രായവും സഹിതം ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് സർക്കാരിലേക്ക് പ്രൊപ്പോസൽ സമർപ്പിക്കുകയാണ് ചെയ്യുന്നത്.

(സി & ഡി) ഇല്ല

ഭക്ഷ്യ സുരക്ഷാ വകുപ്പ്

87 (794) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് രൂപീകരിക്കപ്പെട്ട ഭക്ഷ്യസുരക്ഷാ വകുപ്പിൽ മതിയായ ഉദ്യോഗസ്ഥരുടെ അഭാവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത വിഷയത്തിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം ; വിശദവിവരം ലഭ്യമാക്കുമോ ;

(ബി) ഈ വകുപ്പിന്റെ ഉദ്ദേശ്യലക്ഷ്യം കാര്യക്ഷമമായി കൈവരിക്കുന്നതിന് സാദ്ധ്യമാകാത്ത അവസ്ഥ നിലവിലുള്ളതിന്റെ കാരണം വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ വകുപ്പ് രൂപീകരിക്കപ്പെട്ടശേഷം ജില്ലാടിസ്ഥാനത്തിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നുള്ള വിവരം ലഭ്യമാക്കുമോ ;

(ഡി) ഇതുവരെ എത്ര സ്ഥാപനങ്ങൾക്കെതിരെ നിയമ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. ഭക്ഷ്യസുരക്ഷാ വകുപ്പിൽ ഏകദേശം 80-ഓളം ഭക്ഷ്യസുരക്ഷാ ഓഫീസർമാരുടെ ഒഴിവുണ്ട്. ഈ ഒഴിവുകൾ നികത്തുന്നതിലേക്കുവേണ്ടി ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരിലവാര നിയമം അനുശാസിക്കുന്ന യോഗ്യതകൾ ഉൾപ്പെടുത്തിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. നിയമനം നടത്തുന്നതിനായി ടി ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുകഴിഞ്ഞു.

(ബി) വിലയിരുത്തിയിട്ടുണ്ട്. പ്രസ്തുത വകുപ്പിന്റെ ഉദ്ദേശലക്ഷ്യം കാര്യക്ഷമമായി കൈവരിക്കുന്നതിന് സാധ്യമാകാത്ത അവസ്ഥയ്ക്ക് കാരണം ഉദ്യോഗസ്ഥരുടെ അഭാവവും വാഹനങ്ങളുടെ അഭാവവും ഫണ്ടിന്റെ അഭാവവുമാണ്. ഇവ പരിഹരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(സി) ഭക്ഷ്യസുരക്ഷാ വകുപ്പ് രൂപീകരിക്കപ്പെട്ടശേഷം അഡ്ജ്യൂഡിക്കേഷന് വിട്ട കേസ്സുകളുൾപ്പെടെ ഓരോ ജില്ലയിലും രജിസ്റ്റർ ചെയ്ത കേസ്സുകളുടെ എണ്ണം താഴെചേർക്കുന്നു :

ജില്ല	എണ്ണം
തിരുവനന്തപുരം	51
കൊല്ലം	23
പത്തനംതിട്ട	15
ആലപ്പുഴ	8
കോട്ടയം	14
ഇടുക്കി	22
എറണാകുളം	45
തൃശ്ശൂർ	25
മലപ്പുറം	6

LIBRARY ARCHIVES Kerala Legislative Assembly

പാലക്കാട്	26
കോഴിക്കോട്	20
വയനാട്	13
കണ്ണൂർ	30
കാസർഗോഡ്	5
ആകെ	313

(ഡി) താഴെ കൊടുത്തിരിക്കുന്ന പ്രകാരം 75 സ്ഥാപനങ്ങൾക്കെതിരെ നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ജില്ല	എണ്ണം
തിരുവനന്തപുരം	4
കൊല്ലം	2
പത്തനംതിട്ട	2
ആലപ്പുഴ	4
കോട്ടയം	3
ഇടുക്കി	10
എറണാകളം	13
തൃശ്ശൂർ	7
മലപ്പുറം	2
പാലക്കാട്	7
കോഴിക്കോട്	10
വയനാട്	10
കണ്ണൂർ	4
കാസർഗോഡ്	...
ആകെ	75

LIBRARY ARCHIVES Kerala Legislative Assembly